ഗ്രാമ ശാസ്ത്ര ജാഥ



ഒരു മരം പറഞ്ഞ കഥ

കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്
വില 50 പൈസ

ഗ്രാമശാസ്ത്രജാഥ

"ഇന്ത്യ ഗ്രാമങ്ങളിലാണ് ജീവിക്കുന്നതെന്ന്" മഹാത്മജി പറഞ്ഞു. ആ വാചകത്തിന്റെ അർത്ഥം ഉൾക്കൊള്ളാതെ ഇന്നും പലരും അതാവർത്തിക്കുന്നു.

ഗ്രാമങ്ങളിലെ ജനജീവിതം ഇന്നും പ്രശ്നങ്ങൾ നിറഞ്ഞതാണ്: അന്ധവിശ്വാസങ്ങളും അശാസ്ത്രീയതകളും ഇന്നും ഗ്രാമങ്ങളിൽ കൊടികുത്തി വാഴുന്നു.

ഗ്രാമത്തിലെ സ്കൂളിന്റെയും ആശുപത്രിയുടെയുമൊക്കെ സ്ഥിതി പരിശോധിച്ചു നോക്കൂ. ഗ്രാമത്തിലെ കൃഷിയുടെയും വികസന പ്രവർത്തനങ്ങളുടെയുമൊക്കെ സ്ഥിതി നോക്കൂ.

ഗ്രാമീണ വികസനത്തെ ഉദ്ദേശിച്ച് ഏറെ പദ്ധതികൾ ആസൂത്രണം ചെയ്യപ്പെടുന്നു. പക്ഷെ അവയിൽ ഭൂരിഭാഗവും ഏശേണ്ടിടത്ത് ഏശുന്നില്ല.

കർഷകനും കർഷകത്തൊഴിലാളിയും ചെറുകച്ചവടക്കാരും കൈത്തൊഴിലുകാരും എല്ലാം ഈ പന്തികേടിൽപ്പെട്ട് നട്ടം തിരിയുന്നുണ്ട്.

എന്താണീ പന്തികേടിനു കാരണം? എന്താണിതിന് പരിഹാരം? ബഹുഭൂരിപക്ഷം വരുന്ന ജനങ്ങൾക്ക് സ്വന്തം പ്രശ്നങ്ങളെ ശാസ്ത്രീയമായി അപഗ്രഥിക്കാനും അവയ്ക്ക്

ശാസ്ത്രീയമായ പരിഹാരം കണ്ടെത്താനും കഴിഞ്ഞേ പ്രശ്നങ്ങൾക്ക് അറുതി വരൂ. ആവഴിക്കുള്ള ഒരെളിയ ശ്രമമാണ് ശാസ്ത്രസാഹിത്യപരിഷത്തിന്റെ ഗ്രാമശാസ്ത്ര ജാഥ.

ഗ്രാമീണപ്രശ്നങ്ങളുമായി ഇടപഴകുവാനും, അവയ്ക്ക് ശാസ്ത്രീയമായ പരിഹാരം കണ്ടെത്തുന്നതിന് സഹായകമായ മാർഗങ്ങളെക്കുറിച്ച് ചർച്ചചെയ്യുവാനും ഈ ജാഥ ശ്രമിക്കും.

ആധുനിക ശാസ്ത്രസാങ്കേതിക നേട്ടങ്ങളുടെ, ഗ്രാമതലത്തിലുള്ള പ്രസക്തി വിശദീകരിക്കുവാനും, ഗ്രാമതലത്തിൽ നടന്നു വരുന്ന ചൂഷണങ്ങളുടെപൊരുൾ ജനങ്ങളോടൊത്തിരുന്ന് വിശകലനം ചെയ്യുവാനും ഈ ജാഥ ശ്രമിക്കും.

നമ്മുടെ ഗ്രാമങ്ങളിൽ ശാസ്ത്രബോധത്തിന്റേതായ പുതിയൊരുവെളിച്ചം പടർത്തുന്നതിനുള്ള ഈ സംരംഭവുമായി സഹകരിക്കുവാൻ എല്ലാവരോടും അഭ്യർഥിക്കുന്നു.

ജനറൽ സെക്രട്ടറി
ശാസ്ത്രസാഹിത്യ പരിഷത്ത്
പരിഷത്ത്ഭവൻ
തിരുവനന്തപുരം 695001

ജനറൽ കൺവീനർ
ഗ്രാമശാസ്ത്രസമിതി
ശാസ്ത്രസാഹിത്യ പരിഷത്ത്
വാഴയൂർ
രാമനാട്ടുകര

ഒരു മരം പറഞ്ഞ കഥ

അരുത്! ക്ഷമിക്കൂ!! മഴുവുമേന്തി എന്റെ നേരെ ഓങ്ങി നിൽക്കുന്ന തൊഴിലാളി സുഹൃത്തേ, ഞാൻ പറയുന്നത് ഒന്നു കേൾക്കൂ!

ഞാൻ നിങ്ങൾക്ക് എന്തു ദ്രോഹമാണ്, ശല്യമാണ് ചെയ്തത്? ഒന്നു പറഞ്ഞു തരൂ. എന്റെ തെററ് ഞാൻ മനസ്സിലാക്കട്ടെ! വിചാരണ കൂടാതെയുള്ള ഈ വധശിക്ഷ, യുദ്ധകാലത്ത് ശത്രുക്കളോടുമാത്രമേ, അപരിഷ്കൃത സമൂഹങ്ങൾ പോലും കൈക്കൊള്ളാറുള്ളൂ. അറിയെ ഒരു ദ്രോഹവും ചെയ്യാത്ത, ആവതും സഹജീവികളെ സഹായിക്കാൻ മാത്രം ശ്രമിച്ച, എന്നെ, എനിക്ക് പറയാനുള്ളത് കേൾക്കാനുള്ള സാവകാശവും കൂടി തരാതെ, നിർദയമായി അറുത്ത് മുറിച്ച് താഴെ ഇടാനാണോ ഭാവം? നിങ്ങളങ്ങനെ സ്വന്തം മനസ്സാക്ഷിയെ മറന്നു കൊണ്ടു ചെയ്യുമോ? ആദി കവി വാത്മീകി ക്രൗഞ്ചപ്പക്ഷി ദമ്പതികളെ സ്വന്തം ഭക്ഷണത്തിനായ്പോലും കൊന്ന കാട്ടുമനുഷ്യനെ വെറുതെ വിട്ടില്ലല്ലോ.

ഇന്ന് എന്നെ മുറിച്ചുവീഴ്ത്താൻ ശ്രമിക്കുന്ന നിങ്ങളുടെ കൈ മരവിപ്പിക്കാൻ ഒരു മഹർഷിവര്യനും വരില്ല. നിങ്ങൾ ശാപമേററ് യാന്ത്രികമായ് നിശ്ചലനാകേണ്ടവനല്ല. കാര്യം മനസ്സിലാക്കി, എന്നെയും എന്നെ ഉൾക്കൊള്ളുന്ന പ്രകൃതിയേയും സംരക്ഷിക്കാൻ ചുമതലപ്പെട്ടവനാണ്. സംഗതികൾ ബോധ്യമായാൽ എന്നെ ഇന്ന് സംരക്ഷിക്കാൻ ശ്രമിക്കുന്ന, ബുദ്ധിജീവികളുടെയും ശാസ്ത്രജ്ഞൻമാരുടെയും ചെറു സംഘങ്ങൾക്ക്, സംഘടിതരായ നിങ്ങൾ ആശയും ആവേശവും നൽകും. നിങ്ങൾ അവർക്ക് നേതൃത്വം കൊടുക്കുന്ന മുന്നണിപ്പടയാകും. തൊഴിലാളി, പ്രകൃതിസംരക്ഷണപ്പടയുടെ മുന്നണിപ്പോരാളിയാകുന്ന കാലത്തേ ഞാനും അതുപോലെ നാശം സംഭവിച്ചുകൊണ്ടിരിക്കുന്ന പ്രകൃതിയിലെ മററനേകം ജീവികളും നിലനിൽക്കൂ. അതിനാൽ ഞാൻ പറയുന്നത് ഒന്നു കേൾക്കൂ!

എന്നെ ഇവിടെനിന്ന് ഉൻമൂലനം ചെയ്യാൻനിങ്ങളെ പ്രേരിപ്പിച്ചവർ പറഞ്ഞ ന്യായങ്ങൾ എന്താണ്? നിങ്ങൾക്ക് എന്തെങ്കിലും ജോലി ചെയ്താലെ കൂലി കിട്ടൂ. നിങ്ങളുടെ കുടുംബം പുലരൂ. ഞാനത്മനസ്സിലാക്കുന്നു. എന്നെ മുറിക്കാൻ തടസ്സം നിൽക്കുന്നവരെ ആ നിലക്ക് ശത്രുക്കളായെണ്ണുന്നതിൽ തെററില്ല. നിങ്ങളുടെ ഓമനമക്കളുടേയും ഭാര്യയുടേയും കഞ്ഞിയിലാണീ ക്കൂട്ടർ, പ്രത്യക്ഷത്തിൽ, അറിഞ്ഞോ അറി

യാതെയോ, മണ്ണുവാരിയിടുന്നത്. അതാണ് അവർ പറയുന്നതൊന്നും കോക്കാൻ തന്നെ നിങ്ങാം മിനക്കെടാത്തത്. അതിലെ സത്യം പരിശോധിക്കാത്തത്. നിങ്ങാം അക്ഷരാഭ്യാസമോ പരിഷ്കാരമോ ബുദ്ധിയോ ഇല്ലാത്തവനായതുകൊണ്ടല്ല. അവരിൽ ചിലരെങ്കിലും അങ്ങനെ കരുതുന്നുണ്ടാകും. എനിക്കറിയാം സത്യമതല്ലെന്ന്. അന്നന്നത്തെ ഭക്ഷണം എങ്ങനെ സമ്പാദിക്കും എന്ന അങ്കലാപ്പുമായി, വയററിലെരിയുന്ന തീയുമായി, രാവിലെ വെളുപ്പിനുണർന്ന് നാൽക്കൂട്ടക്കവലയിൽ തൻെറ അധ്വാനം വിലയ്ക്ക് വാങ്ങാൻ തയ്യാറാകുന്നവരേയും കാത്തു നിൽക്കുന്ന നിങ്ങാം മരം മുറിക്കാൻപറഞ്ഞാൽ മരം മുറിക്കും, കുളം കോരാൻ പറഞ്ഞാൽ കുളം കോരും. നിങ്ങാം ഏതുതരത്തിലുള്ള അധ്വാനവും അതിൻെറ ഫലങ്ങളെക്കുറിച്ചാലോചിക്കാതെ, ചെയ്യാൻതയ്യാറാണ് ഇന്ന്. നിങ്ങാംക്ക് നിങ്ങളുടേയും കുടംബത്തിൻേറയും നിലനിൽപ് പ്രധാനം തന്നെയാണ്. എല്ലാവർക്കും അതെ. സംശയമില്ല. എനിക്കത് മനസ്സിലാകും. നിങ്ങാം യഥാർഥത്തിൽ എനിക്കോ പ്രകൃതിക്കോ എതിരല്ല. എന്നെ ഉൻമൂലനം ചെയ്യാൻ ആവശ്യപ്പെട്ടവർ പറഞ്ഞത് ശരിയോ തെറേറാ എന്ന് പരിശോധിക്കാനുള്ള സാവകാശം നിങ്ങാംക്കിന്നില്ല. ഞാൻ ഇവിടെ നിന്ന് മാറേണ്ടത് നിങ്ങളുടെ ഇന്നത്തെ ഭക്ഷണസമ്പാദനത്തിന് ആവശ്യമാണ്. അതിനാൽ എന്നെ

മുറിക്കാൻനിങ്ങൾ കൂട്ടുകൂടുന്നു. അത്ര മാത്രം.

എനിക്കറിയാം അക്കൂട്ടർ എന്താ പറഞ്ഞിരിക്കുക എന്ന്. ഇലക്ട്രിക് കമ്പി പോകാൻ തടസ്സമാണ് ഞാൻ എന്നാകും ഒരു പക്ഷെ. ഞാനീവഴിയരുകിൽ കഴിഞ്ഞ 50 കൊല്ലത്തിലേറെക്കാലമായി കുടികിടക്കാൻ തുടങ്ങിയിട്ട്. നിങ്ങളുടെ കുടികിടപ്പുവകാശനിയമങ്ങൾ എനിക്ക് ബാധകമല്ലേ? അനകൂലമല്ലേ? ഇന്നലെ വന്ന ഇലക്ട്രിക് കമ്പികൾക്ക് വേണ്ടി എന്നെ മൂടോടെ മറിച്ചിടണോ? എനിക്കും അതുപോലെ മററു മരങ്ങൾക്കും തടസ്സമുണ്ടാകാത്തവിധം ഇലക്ട്രിക് കമ്പിവലിച്ചാൽ പോരേ? ഇലക്ട്രിക്കമ്പിയിലൂടെ വരുന്ന ഊർജ്ജവും അതിൻെറ ഊററവും എനിക്കറിയാം. അത് നിങ്ങൾക്ക് ഉപകാരമാണെന്നും അറിയാം.

ശരി, അപ്പോൾ ഞാൻ ഇവിടെ നിൽക്കുന്നതുകൊണ്ട് നിങ്ങൾക്ക് യാതൊരു ഉപകാരവും ഇല്ലേ? ഓ....തണൽ! തണൽ മാത്രമേ ഞാൻ തരുന്നുള്ളൂ! ബസ്സുകാത്തുനിൽക്കാനും പൊരിവെയിലിൽ നടക്കവെ ഒന്നാശ്വസിക്കാനും നിങ്ങൾക്ക് വെയിററിങ് ഷെഡ്ഡ് കെട്ടിത്തരുമെന്നോ? ആ വെയിററിങ് ഷെഡിൽ നിൽക്കുമ്പോൾ നിങ്ങളെന്താണ് വിവശനാകുന്നത്? നിങ്ങൾ അസ്വസ്ഥനാകുന്നത്? ക്ഷീണിക്കുന്നത്? വിയർക്കുന്നത്? പക്ഷെ എൻെറ തണലിൽ എത്രനേരം

വേണമെങ്കിലും നിന്നാലും നിങ്ങൾ ക്ഷീണിക്കില്ല, ഉത്സാഹം കൂടും. അതിൻെറ സത്യം എന്താണെന്ന് ഞാൻ പറഞ്ഞു തരണമോ?

ഈ തണൽ തരൽമാത്രമേ എന്നെകൊണ്ടുപ്രയോജനമുള്ളൂ?

ഞാനെന്നത്തന്നെ പുകഴ്ത്തുന്നതിലെ നാണക്കേട് എനിക്കറിയാം. പക്ഷെ ഇന്ന് എൻെറഭാഗം പറയാൻ വളരെ കുറച്ചുപേരേയുള്ളൂ. അതിനാൽ സ്വാർഥ ലേശമില്ലാതെ തന്നെ ഞാൻ എന്നെക്കുറിച്ച് പറയാം. ആ പറയുന്നത് ശ്രദ്ധാപൂർവം കേട്ട്, ഞാനിവടെ നിൽക്കുന്നതിനേക്കാൾ നിങ്ങൾക്ക് പ്രയോജനം, ഞാൻ പോകുന്നതാണ് എന്ന് നിങ്ങൾ നിശ്ചയിച്ചാൽ ഞാൻ ആ മരണശിക്ഷക്ക് സന്തോഷത്തോടെ വിധേയനാകാം. ഞാൻ നിങ്ങളുടെ കൂട്ടർക്ക് ഭാരമാണ്, അസൗകര്യമാണ്, നേട്ടമല്ല, സൗകര്യമല്ല എന്ന് ബോധ്യമായാൽ, പിന്നെ ജീവിച്ചിരിക്കാൻ എനിക്കാശയില്ല. അതാണ് ആദ്യം പറഞ്ഞത്, എൻെറ ഗുണങ്ങൾ പറയുന്നത് സ്വയം പുകഴ്ത്തുന്ന രൂപത്തിൽ കാണരുതേ! സ്വാർഥ ലേശമില്ലാതെ. കാര്യങ്ങൾ കാണുന്നകൂട്ടത്തിൽ വേണേ! എന്ന്.

നിങ്ങളുടെ ചെറിയ വീട്ടിലേക്ക് പോകുന്ന വഴിയിൽ കഴിഞ്ഞദിവസം മണ്ണിടിഞ്ഞ് വീണ്, വാഹനങ്ങൾ പോകാൻ സാധിക്കാത്ത സ്ഥിതി ഉണ്ടായല്ലോ ഇല്ലേ? അങ്ങനെ മണ്ണിടിയാൻ കാരണമെന്താണ്? ശക്തി

യായ മഴയെന്നോ? മഴ എല്ലാ കൊല്ലവും പതിവുള്ളതല്ലേ? മഴ ഒരു ശത്രുവല്ലല്ലോ, ബന്ധുവല്ലേ? അപ്പോൾ മഴയെ മണ്ണിടിച്ചലിന്ന് പഴിക്കുന്നതിൽ അർത്ഥമില്ല. റോഡരുകിൽ, ഇരുവശവും ഉയർന്ന മൺമതിലിൽ, വേപ്പ്, മുരുക്ക്, കാഞ്ഞിരം, ഉങ്ങ്, ആനപ്പന എന്നിങ്ങനെ പല ജാതിക്കാരായ എന്റെ വർഗക്കാർ ഉണ്ടായിരുന്നില്ലേ? മാവും പ്ലാവും തെങ്ങും കവുങ്ങു വാഴയും നിങ്ങൾ സംരക്ഷിക്കും. അവയെ അകാലത്തിൽ മുറിക്കില്ല. അവ ഫലവൃക്ഷങ്ങളാണ്. നിങ്ങൾക്ക് ഉടനുടൻ പൈസ നേടിത്തരുന്നവയാണ്. എന്റെ കൂട്ടുകാരോട് എനിക്കസൂയയില്ല. അവരെക്കുറിച്ച് അഭിമാനവും ആനന്ദവുമേയുള്ളു. എന്നാൽ വേപ്പ് തുടങ്ങി നിങ്ങൾക്കാവശ്യമുള്ള ഫലങ്ങൾ ഉടൻ തരാത്തവയെ പാഴ്മരങ്ങൾ എന്നു നിങ്ങൾ പറയുന്നത് തെററാണെന്ന് പയ്യേ ബോധ്യമാകും. നിങ്ങൾ പാഴ്മരങ്ങൾ എന്നു വിളിക്കുന്ന മരങ്ങൾ നിങ്ങൾ മുറിച്ചു. റോഡിന് ഒരു ഗൗരവം കൊടുക്കാനോ എന്നോ! അതോ ഇനി വഴി ടാറിടുമ്പോൾ എറാലുവെള്ളം മഴക്കാലത്ത് വീണ് ടാറിട്ടറോഡ് ബോറാകാതിരിക്കാനാകും. അല്ലേ? ശരി. എന്നിട്ടെന്തുണ്ടായി? മരംതന്നെയാണ് നിങ്ങളുടെ വിധി എഴുതിയതും നടപ്പാക്കിയതും. നിങ്ങൾക്കുവേണ്ട മണ്ണ്. അതു സംരക്ഷിക്കുന്നു മരം. എന്റെ കൂട്ടർ. എന്റെ കൂട്ടരെ നിങ്ങൾ നശിപ്പിച്ചു. തൽക്കാലത്തെ ലാഭം നോക്കി. എന്റെ

കൂട്ടർക്ക് നിങ്ങളെ സംരക്ഷിക്കാൻ അവസരം കൊടുക്കാൻ നിങ്ങളവരെ സംരക്ഷിച്ചില്ല.

"ആ മരം ഈ മരം" എന്ന് ആവർത്തിച്ചാവർത്തിച്ചാലാപിച്ച് ദൈവസാക്ഷാത്കാരം നേടിയ ആദികവിയുടെ ആദ്യരൂപമായ കാട്ടിലെ കൊള്ളക്കാരനോട്, അയാളുടെ ഭാര്യയും മക്കളും പറഞ്ഞതെന്താണ്?

താൻ താൻ നിരന്തരം
ചെയ്യുന്ന കർമ്മങ്ങൾ
താൻ താൻ അനുഭവി–
ച്ചീടുകേ വരൂ!

അതെ! നിങ്ങൾ വേഗം വേഗം ഞങ്ങളെ ഇല്ലാതാക്കൂ; ക്രമത്തിൽ നിങ്ങൾക്കും ഇവിടെ ജീവിക്കാൻ വിഷമമാകും. അതിനാൽ നിങ്ങൾക്ക് രക്ഷവേണമെങ്കിൽ ആദ്യം ഞങ്ങളെ രക്ഷിക്കൂ! സംരക്ഷിക്കൂ!

നിങ്ങളുടെ വീട്ടിലേക്ക് ആവശ്യമുള്ള വെള്ളം എവിടെ നിന്നാണു കിട്ടുന്നത്? മഴക്കാലത്ത് സ്വന്തം 10 സെൻറിലെ കിണററിൽ നിന്ന് എന്നോ? ശരി. വേനൽക്കാലത്തോ? അങ്ങ് നാല് കിടപ്പാടമപ്പുറം ഉള്ള കിണററിൽ നിന്ന്, അല്ലേ? എത്ര കാലമായി ഇങ്ങനെ ആയിട്ട്? 20കൊല്ലം. അതിനുമുമ്പോ? കുടികിടപ്പിലെ കിണററിൽനിന്ന് ധാരാളം വെള്ളമുണ്ടായിരുന്നു എന്നോ! ഹായ്. പിന്നെ ഇപ്പോൾ ഇങ്ങനെയാവാൻ? കാരണം അറിയില്ലേ? ആൾപെരുത്ത് കിണറുകൾ പെരുത്ത് എന്നല്ലേ പറയുന്നത്? അതെയോ? ആൾ കണ്ടമാനം പെരുകുന്നത് മോശം തന്നെ. ഞങ്ങ

ളങ്ങനെ കണ്ടമാനം പെരുകാൻ പ്രകൃതി അനുവദിക്കില്ലല്ലോ? ഞങ്ങരം പ്രകൃതിക്കും നിങ്ങളുടെ വികൃതിക്കും വിധേയരാണ്. പക്ഷെ, നിങ്ങരം മനുഷ്യർ അങ്ങനെയല്ല. നിങ്ങരംക്ക് പ്രകൃതിയെ കുറച്ചൊന്നുമെരുക്കാൻ അറിയാം. അത്രതന്നെ. നിങ്ങളിൽ ചിലരുടെ നാട്യം നിങ്ങരം പ്രകൃതിയെ കീഴടക്കി എന്നാണ്. അവരാണ് ഇരിക്കുന്ന കൊമ്പ് മുറിക്കുന്ന മഹാബുദ്ധിമാൻമാരെന്നു നടിക്കുന്ന പരമപാമരൻമാർ. അതിരിക്കട്ടെ. നിങ്ങളുടെ വീട്ടിലെ കിണററിലെ ഉറവു കുറയാനും വേനലിൽ വററാനും കാരണമെന്തെന്നോ? ചുററുമുള്ള പ്രദേശത്ത് ഞങ്ങളുടെ കൂട്ടരുടെ, മരങ്ങളുടെ, എണ്ണം കുറഞ്ഞത്. വിശ്വാസമാകുന്നില്ലേ്യ. ശരി. ഇതു കേരംക്കൂ, മരമില്ലാത്തിടത്ത് മഴവെള്ളം എവിടെയാ വീഴുക? മണ്ണിൽ ശക്തിയിൽ അല്ലേ? വീഴുന്ന വെള്ളത്തിലധികവും കുറച്ചു മണ്ണും കൂടി താഴ്ന്ന ഇടത്തേക്ക് ഒലിച്ചുപോകും. കലങ്ങിയവെള്ളത്തിൻെറ കൂലം കുത്തിപ്പാച്ചിൽ. കുറച്ചു വെള്ളം മാത്രം മണ്ണിൽ താഴും. എന്നാൽ ഞങ്ങളുണ്ടെങ്കിലോ? വേനലിൽ ഞങ്ങളിൽ നിന്നുവീണ ഉണങ്ങിയ ഇലകളുടെ പതുപതുത്ത തറ. പെയ്യുന്ന മഴ ആദ്യം ഇലകളിൽ തട്ടി ഒന്നു ചിതറുന്നു. ആ ജലകണങ്ങരം പിന്നെ കൊച്ചുചില്ലകളിലും കൊമ്പുകളിലും വീണ് ചിതറി സാവധാനം പതുപ്പുള്ള ഇലകളുള്ള തറയിൽ വീണ് കുറച്ച് ഒലിച്ച് ഒഴുകിപ്പോവുന്നു. നല്ലൊരു ഭാഗം

ഭൂമിയിൽ താഴുന്നു.

ഒന്നു നോക്കൂ. എൻെറ അപ്പൂപ്പൻമാരും, അമ്മൂമ്മമാരും അണ്ണൻമാരും അനുജൻമാരും ഇടതൂർന്നു ജീവിച്ചിരുന്ന കാടുകളിലേക്ക്. അവരെയെല്ലാം നിങ്ങൾ കൂട്ടത്തോടെ അരിഞ്ഞു വീഴ്ത്തിയില്ലെ. കരുണയില്ലാതെ. എന്നിട്ടോ? നദികൾ വററിത്തുടങ്ങി, നിങ്ങളുടെ കൃഷിനിലം നനയ്ക്കാനുള്ള, വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള ജലസംഭരണികൾ ഒലിച്ചു വരുന്ന മണ്ണു നിറഞ്ഞു നികരാറായി. മഴ സമയത്ത് ഇല്ലാതായി, കാടുകളിലെ അപൂർവജീവികൾ ഇല്ലാതായി. പോരാ, ഇനിയും, എന്തൊക്കെയോ, ഉരുണ്ടുകൂടുന്നുണ്ട്. കാരണം നിങ്ങൾ പ്രകൃതിയുടെ സമതുലിതയെ ഉലച്ചുകളഞ്ഞു.

എന്താ എൻെറ നേരേ ഓങ്ങിനിലത്തു വെച്ച മഴു തോളിൽ വെച്ചത്? നിങ്ങൾ തിരിച്ചുപോകുകയാണോ? അയ്യോ, കഷ്ടം. നിങ്ങളുടെ കുഞ്ഞുങ്ങൾ പട്ടിണിയായായിപ്പോകില്ലേ? ഒരു ദിവസം പട്ടിണി കിടന്നതുകൊണ്ട് സാരമില്ലെന്നോ? പട്ടിണി നിങ്ങൾക്ക് പുത്തരിയല്ലെന്നോ? ഓണം വന്നാലും ഉണ്ണിപിറന്നാലും നിങ്ങൾക്ക് കഞ്ഞി കുമ്പിളിലാണെന്നോ? കഷ്ടം തന്നെ! പക്ഷെ അങ്ങനെയൊരു വിധിയൊന്നുമില്ലെന്നു നിങ്ങളോട് പറയേണ്ടി വന്നതിൽ എനിക്കു കുണ്ഠിതമുണ്ട്. നിങ്ങളാണല്ലോ ജീവികളുടെ കൂട്ടത്തിൽ മുമ്പർ. ആ നിലക്ക് പ്രകൃതിയിലെ സ്വാഭാവിക നിയമങ്ങളറി

യാനും ഉപയോഗപ്പെടുത്താനും നിങ്ങാംക്കാണ് ഞങ്ങളേക്കാറം കഴിയുക. ഒരു കൂട്ടർ വേറൊരു കൂട്ടരുടെ വളർച്ചക്ക് തടസ്സമാവാതെ, അന്യോന്യം സഹകരിക്കുന്ന ഒരു സ്ഥിതിയുണ്ടെങ്കിൽ ആർക്കും പട്ടിണിയുണ്ടാവുകയില്ല. ആരോഗ്യക്കുറവുണ്ടാവുകയില്ല. എന്റെ ഈ കൊമ്പിൽ കൂടു കൂട്ടിയിരിക്കുന്ന തേനീച്ചകളെ നോക്കൂ! അവിടെ ആ പുററിലെ ഉറുമ്പുകളോ? അവയെല്ലാം തന്നെ പ്രകൃതിയിലെ സ്വാഭാവികനിയമമായ പരസ്പര സഹകരണത്തോടെയാണ് ജീവിക്കുന്നത്. കാട്ടിലെ ക്രൂരമൃഗങ്ങാംപോലും ആഹാരത്തിനായല്ലാതെ. കയ്യടക്കാൻ, മേധാവിത്വം നേടാൻ അപരജീവിയെ നശിപ്പിക്കില്ല. അത് നിങ്ങാം മനുഷ്യർ മനസ്സിലാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. വാസ്തവത്തിൽ ഞങ്ങളുടെയും പ്രകൃതിയിലെ മററു ജീവജാലങ്ങളുടെയും ക്രൂരമായ നാശത്തിന് കാരണം തന്നെ, നിങ്ങളിൽ കുറച്ചുപേർ സ്വന്തം സുഖത്തിനായി മററു വളരെപ്പേരെ, അവരുടെ താൽപര്യത്തിനുതന്നെ എതിരായി ഉപയോഗിക്കുന്നതാണ്. അവർക്ക് ഒന്നേ നോട്ടമുള്ളൂ. സ്വന്തം നേട്ടം. ലാഭം. ഈ ലാഭക്കൊതി മൂത്ത് മുച്ചൂടും മുടിക്കുന്ന ഒരു സ്ഥിതിയിലായിട്ടുണ്ട് നിങ്ങാം. ഞങ്ങളേയും പ്രകൃതിയേയും കൊള്ളയടിച്ചു സ്വർഗസുഖം അനുഭവിക്കുന്ന ആ കുറച്ചുപേർ നിങ്ങളുടെ അധിപതികളാണ്. അവർ നിങ്ങാംക്ക് നക്കാ

പിച്ചയായായി വല്ലതും തന്ന് കഷ്ടിച്ച് നിങ്ങളുടെ അധ്വാനിക്കാനുള്ള ശേഷി നിലനിർത്തുന്നു. അങ്ങനെ നിങ്ങളെ നിലനിർത്തുന്നത് അക്കൂട്ടരാണെന്നും അവർ പറയുന്ന തൊഴിലെന്തും ചെയ്യുകയേ നിങ്ങൾക്ക് ഗതിയുള്ളൂ എന്നും നിങ്ങൾ കരുതുന്നു! കഷ്ടം!!

ഇതാ, ഇതൊന്നും എനിക്കിഷ്ടമല്ല! എന്നെ നമസ്കരിക്കുകയും പ്രദക്ഷിണം ചെയ്യുകയും ഒന്നും വേണ്ട. ദൈവികം പറഞ്ഞാലേ സംരക്ഷണം കിട്ടൂ എന്നോ? പഴയകാലത്ത് അത് വേണ്ടിയിരുന്നു. ഇന്നത് വേണ്ട. നിങ്ങൾ എന്നെ സംബന്ധിച്ച പ്രകൃതിബന്ധങ്ങൾ പഠിക്കൂ. എന്നെ മുഴുവനായി മനസ്സിലാക്കൂ! അതിന് പ്രകൃതി നിയമങ്ങൾ മനസ്സിലാക്കിത്തരുന്ന ശാസ്ത്രം പഠിക്കൂ!!

ശരി. പോകുന്നു, അല്ലേ? ഇനിയും വരണേ! എത്രയോ കാര്യങ്ങൾ എന്നെപ്പററിയും നിങ്ങളെപ്പററിയും നമുക്ക് സംസാരിക്കാനുണ്ട്. കൂട്ടുകാരോടും ഞാൻ പറഞ്ഞതൊക്കെപ്പറയണേ! ഹരിതാഭിവാദ്യങ്ങൾ!!

മരത്തിന് സ്തുതി

സുഗതകുമാരി

തണുത്ത പൂന്തണൽ വീശിപ്പടർന്നു
ചൂഴ്ന്നു നിൽക്കുന്ന
മരത്തിൻെറ തിരുമുടിക്കിത തൊഴുന്നേൻ!
നീലകണ്ഠസ്വാമിയെപ്പോൽ വിഷം
താനേ ഭുജിച്ചിട്ടു
പ്രാണവായു തരുന്നോനായിത
തൊഴുന്നേൽ!
കനിഞ്ഞു പൂക്കളും തേനും കനിയും
നീട്ടി നിൽക്കും നിൽ
നിറഞ്ഞ തൃക്കരങ്ങൾക്കായിത തൊഴുന്നേൻ!
മഴയായി ക്കുളിരായി,പ്പശിയാററും പഴ
മായി
ത്തുയിരിന്നുമരുന്നായി,പ്പണിക്കരുത്തായ്,
അടിയങ്ങൾക്കുറങ്ങുവാനിടമായി,
കഞ്ഞി വേവു-
മടുക്കളയടുപ്പിൻെറ തിളക്കമായി,
കുഞ്ഞിക്കയ്യിൽ കളിപ്പാട്ടച്ചിരിയായി,
വാർദ്ധകത്തിൽ
ഖിന്നതക്കു താങ്ങിനിൽക്കാനൂന്നു കമ്പായി,
കുരുന്നു തൊട്ടിലായ്, മണിമഞ്ചമായ്,
ശാന്തമായിവ-
ർക്കുറങ്ങുവാനൊടുക്കത്തെക്കനൽ
വിരിപ്പായ്,
ഒരിക്കലും പിരിയാത്ത കൂട്ടുകാരനായി,
ഞങ്ങൾ
ക്കനർഘകാരുണ്യവർഷം ചൊരിയുവോനേ,
വിരിഞ്ഞ മാറിലായ് ഞങ്ങൾ തറക്കുന്ന
മഴുപ്പാടു-

മണിഞ്ഞു നിൽക്കുമാ നീർന്ന നില
തൊഴുന്നേൻ!
മഴവെള്ളക്കുത്തിലമ്മയിടിഞ്ഞൊലിച്ച
ലിയമതെ
പിടിച്ചുനിർത്തിയും, മണ്ണിലുയിർ
നിറച്ചും,
തീകെടാത്ത മാതൃഹൃത്തിലംബരത്തിൻ
സുധാവർഷ–
ധാരയൂറിനിറപ്പിച്ചു കുരുതിവെച്ചും
അമ്മയെക്കാത്തരുളുമത്ത്യപ്പദങ്ങൾ
തൊട്ടു കണ്ണിൽ–
ച്ചെമ്മെ വെച്ചു കണ്ണുനീരോടിത തൊഴു
ന്നേൻ!
വെട്ടിവെട്ടി വിറെറാടുക്കിക്കറുത്ത മഞ്ഞ
ലോഹത്തിൻ
തുട്ടുകളാക്കിലും കൃപാധാര പെയ്വോനേ,
കാററിനെ, സ്സൂര്യനെ വർഷമാരിയെ
ച്ചൊൽപടിക്കാക്കി–
ക്കാത്തുനിൽക്കും നിനക്കായിട്ടിത
തൊഴുന്നേൻ!
അടിവേരു തൊട്ടു മുടിയിലവരെ,
നന്ദികെട്ടോ–
രടിയങ്ങൾക്കവിടുന്നു തന്നു പോററു
മ്പോൾ
പ്രകരം നൽകുവതെന്തേ? മഴുവും തീയു
മല്ലാതെ?
അവിടുന്നു സമസ്തവും പൊറുക്കുമല്ലോ!
എങ്കിലും ഹാ! പൊറുക്കുമോ പ്രകൃത്യംബ?
അഗ്നിപാറും
കൺകളാലെങ്ങളെ നോക്കും നോട്ട
മെന്നാമോ!

Printed at Social Scientist Press, Pattom, Tvm-4